പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2606 — 07.10.2016 ൽ മറുപടിക്ക്

**'സീ കുട്ടനാട്' ബോട്ട് സർവീസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) 'സീ കുട്ടനാട്' ബോട്ട് സർവീസിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) വിനോദ സഞ്ചാരവും അതോടൊപ്പം യാത്രാ സൗകര്യവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വകുപ്പ് ആരംഭിച്ച പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് സർവ്വീസാണ് സീ-കുട്ടനാട്. 23/05/2012-ലാണ് 90 യാത്രാക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് ഡബിൾ ഡക്കർ ബോട്ടുകൾ ഉപയോഗിച്ച് ടി സർവ്വീസ് ആരംഭിച്ചത്. ആലപ്പുഴ മുതൽ കൈനകരി റോഡ് മുക്ക് വരെ ഏകദേശം 2 മണിക്കൂർ കൊണ്ട് യാത്ര ചെയ്യാവുന്ന ടി സർവ്വീസിലെ കായൽ കാഴ്ചകൾ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നു. സാധാരണക്കാരായ യാത്രാക്കാർക്കു കൂടി പ്രയോജനകരമായ വിധത്തിലുള്ള ടിക്കറ്റ് നിരക്കുകൾ ഉൾക്കൊള്ളിച്ചുള്ള സർവ്വീസാണ് വകുപ്പ് നാളിതുവരെ കാര്യക്ഷമമായി നടത്തിവരുന്നത്. കുറഞ്ഞ ചെലവിൽ, മലിനീകരണങ്ങൾ ഇല്ലാതെ കായൽ സൗന്ദര്യം ആസ്വദിക്കാൻ ഉതകുന്ന ഒന്നാണ് വകുപ്പിന്റെ ആലപ്പുഴ – കുട്ടനാട് മേഖലകളെ ബന്ധിപ്പിക്കുന്ന "സീ-കുട്ടനാട്" എന്ന സർവ്വീസ്. ലോവർ ഡെക്കിൽ 10 രൂപയും (മിനിമം) അപ്പർ ഡെക്കിൽ 40 രൂപയുമാണ് ടി സർവ്വീസിൽ ടിക്കറ്റ് നിരക്കായി ഈടാക്കിവരുന്നത്. എല്ലാ തരത്തിലുള്ള യാത്രാക്കാർക്കും പ്രയോജനകരമായ രീതിയിൽ ലാഭകരമായി വകുപ്പ് നിലവിൽ ടി സർവ്വീസ് നടത്തി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഒരു ബോട്ടു കൂടി അനുവദിച്ച് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) നിലവിൽ ആലപ്പുഴ – കുമരകം – കോട്ടയം മേഖലകളിലെ വിനോദ സഞ്ചാര സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി പുതുതായി 120 യാത്രക്കാർക്ക് സഞ്ചരിക്കാവുന്ന വേഗത കൂടിയ ആധുനിക എ.സി ബോട്ട് സർവ്വീസ് ടി റൂട്ടിലൂടെ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ബോട്ട് നിർമ്മാണം പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ